Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ആകെ 87 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. അതിൽ 80 വില്ലേജുകളിൽ റവന്യൂ വകുപ്പിന്റെ ReLIS സർവ്വേ വകുപ്പിന്റെ Emaps എന്നിവ യോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ട്. എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിലെ ഏലൂർ വില്ലേജ്, കണയന്നൂർ താലൂക്കിലെ തെക്കുംഭാഗം, ഇടപ്പള്ളി നോർത്ത്, നടമ എന്നീ വില്ലേജുകളിൽ ഡിജിറ്റൽ റീ-സർവ്വേ പൂർത്തിയായിട്ടുണ്ട്. നടമ വില്ലേജ് ഒഴികെ മറ്റ് മൂന്ന് വില്ലേജുകളിലും ReLIS-Emaps സംയോജനം പൂർത്തിയായിട്ടുണ്ട്. നടമ വില്ലേജിന്റെ സംയോജനം പൂർത്തിയാകുന്ന മുറയ്ക്ക് ReLIS-Emaps ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം വഴി ജനങ്ങൾക്ക് ഭൂ അധിഷ്ഠിത സേവനങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനുശേഷം ടി വില്ലേജുകൾ സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാവുന്നതാണ്.

കമ്പംമെട്ട് - വണ്ണപ്പുറം റോഡിന്റെ സർവ്വേ നടപടി

332(2688) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പംമെട്ട്- വണ്ണപ്പുറം റോഡിന്റെ വീതി, സർവ്വേ വിഭാഗം അളന്ന് തിട്ടപ്പെടുത്തി നൽകാത്തതിനാൽ കിഫ്ബിയിൽനിന്നും അനുവദിച്ച പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വേയർമാരുടെ അഭാവത്തിൽ പ്രസ്തുത നടപടികൾ തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് ഉടുമ്പൻചോല തഹസിൽദാർ/ഇടുക്കി കളക്ടർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. പ്രസ്തുത കത്തിലെ ആവശ്യപ്രകാരം പ്രസ്തുത സർവ്വേ ജോലികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് 5 സർവ്വേയർ, 1 ഹെഡ് സർവ്വേയർ എന്നീ സർവ്വേ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതും 19-7-2021 മുതൽ സർവ്വേ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(സി) പൊതുവികസന പ്രവൃത്തികൾ സർവ്വേ വിഭാഗം ഉദ്യോഗസ്ഥരുടെ അഭാവംനിമിത്തം തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ റീ-സർവ്വേ ജോലികൾ നിർവ്വഹിക്കുന്നതിന് വകുപ്പിലെ ജീവനക്കാർ അപര്യാപ്തമായിരിക്കെ സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾ, എൽ.ആർ.എം., മറ്റ് സ്പെഷ്യൽ സർവ്വേ ജോലികൾ എന്നിവയ്ക്കായി ജില്ലകളിൽനിന്നും ആവശ്യപ്പെടുന്നതനുസരിച്ച് സർവ്വേ ജീവനക്കാരുടെ സേവനം വിട്ടുനൽകി കാലതാമസത്തിന് ഇടവരുത്താതെ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു.

(ഡി) കമ്പംമെട്ട് -വണ്ണപ്പുറം കിഫ്ബി റോഡിന്റെ ആദ്യ റീച്ചായ കമ്പംമെട്ട്-എഴുകും വയൽ റോഡിന്റെ വീതി അടിയന്തരമായി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കമ്പംമെട്ട് -വണ്ണപ്പുറം റോഡിന്റെ ഭാഗമായ കമ്പംമെട്ട് - എഴുകും വയൽ റോഡ് ഉൾപ്പെടുന്ന ഉടുമ്പൻചോല താലൂക്കിലെ സർവ്വേ നടപടികൾ 19-7-2021 മുതൽ ആരംഭിച്ചിട്ടുള്ളതാണ്.

ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ ആധാരം

333(2689) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ആധാരം വ്യാജമാണെന്ന് വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 1600/1923 നമ്പർ ഇൻഡെഞ്ചർ പരിശോധിച്ച ഫോറൻസിക് സയൻസ് ലാബിന്റെ (FSL) പരിശോധനാ റിപ്പോർട്ടിൽ ടി രേഖയിൽ ചിലയിടങ്ങളിൽ കാണുന്ന തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വ്യത്യസ്തമായ മഷി ഉപയോഗിച്ചുകൊണ്ട് പിൽക്കാലത്ത് നടത്തിയിട്ടുള്ളതാണെന്ന് കണ്ടെത്തിയിരുന്നു. പ്രമാണത്തിൽ കാണുന്ന മുദ്ര സ്റ്റാൻഡേർഡ് സീലിൽ നിന്നുള്ളതുതന്നെയാണോ എന്ന് ഉറപ്പിക്കാനാകില്ലെന്നും മുദ്ര പതിപ്പിക്കുമ്പോൾ രേഖയിൽ പൊന്തിനിൽക്കുന്ന രീതിയിൽ ഉണ്ടാകുന്ന അടയാളങ്ങൾ (Embossment) ടി രേഖയിൽ കാണുന്നില്ലായെന്നും പ്രസ്തുത രേഖയുടെ കാലപ്പഴക്കം നിർണ്ണയിക്കാനാകുന്നില്ലെന്നുമുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത രേഖ വ്യാജമാണെന്ന തരത്തിലാണ് Forensic Science Laboratory വിജിലൻസിന് റിപ്പോർട്ട് നൽകിയിരുന്നതെന്നാണ് വിജിലൻസ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള 1600/1923 നമ്പർ ഇൻഡെഞ്ചർ വ്യാജമാണെന്നുള്ള ആരോപണം തള്ളിക്കളയാനാവില്ലെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട് *.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly